# പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2936 12.10.2011-ൽ മറുപടിക്ക്

## ഹോർട്ടികൾച്ചർ പ്രോജക്ട്സ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. കെ.പി. മോഹനൻ<br>കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും<br>വകുപ്പുമന്ത്രി |

(എ) പഴം-പച്ചക്കറി കർഷകർക്ക് പ്രയോജനം ചെയ്യുന്നതും ഈ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ലക്ഷ്യമാക്കി തൃശൂർ ജില്ലയിലെ ചേലക്കര മണ്ഡലത്തിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ള ഇന്റഗ്രേറ്റഡ് പോസ്റ്റ് ഹാർവെസ്റ്റ് മാനേജ്മെന്റ് സെന്റർ ആൻഡ് കോൾഡ് ചെയിൻ ഫോർ ഹോർട്ടികൾച്ചർ പ്രോജക്ട്സ് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ;

(എ) ഇന്റഗ്രേറ്റഡ് പോസ്റ്റ് ഹാർവെസ്റ്റ് മാനേജ്മെന്റ് സെന്റർ ആന്റ് കോൾഡ് ചെയിൻ ഫോർ ഹോർട്ടിക്കൾച്ചർ പ്രോജക്ടിന് ദേശീയ ഹോർട്ടിക്കൾച്ചർ മിഷനിൽ നിന്നും തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രോജക്ട് പ്രൊപ്പോസലിൽ പദ്ധതി തുക താഴെപറയുന്ന രീതിയിലാണ് ഉൾപ്പെടുത്തിയിരുന്നത്.

| | ഇനം | തുക ലക്ഷം രൂപയിൽ |
|---|---|---|
| 1 | കേരള സർക്കാരിൽ നിന്നുള്ള മൂലധനം | 433.85 |
| 2 | കേരള സർക്കാരിൽ നിന്നുള്ള വായ്പ | 500.00 |
| 3 | പൊതുജനങ്ങളുടെ സംഭാവന | 48.21 |
| 4 | ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ സബ്സിഡി | 194.90 |
| | | 1176.95 |

(ബി) ദേശീയ ഹോർട്ടികൾച്ചർ മിഷൻ തത്വത്തിൽ അംഗീകരിക്കുകയും കേന്ദ്ര വിഹിതം വാഗ്ദാനം ചെയ്യുകയുമുണ്ടായ ഈ പദ്ധതിക്ക് ബാക്കി തുക കണ്ടെത്തുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട കൃഷി- വ്യവസായ വകുപ്പ് ഉദ്യോഗസ്ഥർ വിശദമായ ചർച്ചകൾ നടത്തിയിട്ടുള്ള വിവരം അറിയുമോ;

(സി) പ്രസ്തുത ചർച്ചകളുടെ അടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പിനായി ദേശീയ ഹോർട്ടികൾച്ചർ മിഷന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് സമയബന്ധിതമായി ഈ പ്രോജക്ട് നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

(ബി) & (സി) ദേശീയ ഹോർട്ടികൾച്ചർ മിഷൻ മുന്നോട്ടുവച്ച താഴെ പ്പറയുന്ന നിർദ്ദേശങ്ങൾ വ്യവസായവകുപ്പുമായി ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു.

1. പദ്ധതിയുടെ മൊത്തം അടങ്കൽ തുക സർക്കാരിൽ നിന്നും ലഭ്യമാകുന്നത് ഒഴിവാക്കിക്കൊണ്ട്, സംസ്ഥാന സർക്കാർ സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും സർക്കാർ ഗ്യാരണ്ടി വഴി വായ്പയെടുത്ത് മൂലധനം സ്വരൂപിക്കേണ്ടതാണ്.
2. സർക്കാർ തലത്തിൽ ഒരു സൊസൈറ്റിയോ, സ്പെഷ്യൽ പർപ്പസ് വെഹിക്കിളോ ഈ പദ്ധതി നടപ്പിലാക്കുവാനായി സ്ഥാപിക്കേണ്ടതാണ്.

R. R. Tchige

സെക്ഷൻ ഓഫീസർ